I ഇ.ബി. XIV - കേരള നിയമസഭ/II-15

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഒക്ടോബർ 25, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അറിയിപ്പ്

റൂൾ 50 പ്രകാരം നോട്ടീസ് നൽകുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: അടിയന്തര പ്രാധാന്യമുള്ളതും പൊതുപ്രശ്നമായി സമൂഹത്തിൽ ഉയർന്നുവന്നതുമായ വിഷയങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് റൂൾ

50 പ്രകാരം നോട്ടീസ് നൽകേണ്ടത്. ഇന്ന് റൂൾ 50 പ്രകാരം നോട്ടീസ് നൽകിയ വിഷയം 20-10-2016-ന് സബ്മിഷനായി അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുള്ളതാണ്. ഭാവിയിൽ അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾക്കുമാത്രം റൂൾ 50 പ്രകാരം നോട്ടീസ് നൽകണമെന്ന് ഓർമ്മിപ്പിക്കുകയാണ്.

## II അടിയന്തര പ്രമേയം

### ഗുണ്ടാവിളയാട്ടം

മി. സ്പീക്കർ: സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങളുടെ പ്രവർത്തനവും ഗുണ്ടാവിളയാട്ടവും ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. എറണാകുളം ജില്ലയിൽ എളമക്കര പോലീസ് സ്റ്റേഷൻ പരിധിയിൽ മുഖ്യമന്ത്രിയുടെ പേരുപറഞ്ഞ് യുവതിയുടെ വീടും സ്ഥലവും പണവും കവർന്നെടുത്ത സംഭവവും ഇടപ്പള്ളിയിലെ യൂസ്ഡ് കാർ ഷോറൂമിലെ കാറുകൾ തല്ലിത്തകർത്ത സംഭവവുമുൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉന്നതരുടെ പേരുപറഞ്ഞ് നടക്കുന്ന തട്ടിപ്പുകളും ഗുണ്ടാ വിളയാട്ടവും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്ത് ഗുണ്ടാവിളയാട്ടംമൂലം ഗുരുതരമായ സ്ഥിതിവിശേഷം നിലനിൽക്കുന്നില്ല. ഗുണ്ടാസംഘങ്ങളോട് വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. പരാതികളിന്മേൽ പോലീസ് ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ വ്യവസായിയായ സാന്ദ്ര തോമസുമായി ബന്ധപ്പെട്ട കേസിൽ ഐ.പി.സി.-ലെ വിവിധ സെക്ഷനുകൾ പ്രകാരവും മണി ലെൻഡേഴ്സ് ആക്ട് പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പ്രസ്തുത കേസിൽ ജ്വല്ലറി ഉടമ കമാലുദ്ദീൻ ഉൾപ്പെടെ ഏഴുപേരെ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യുകയും മറ്റ് പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തിവരികയും ചെയ്യുന്നു. ഇടപ്പള്ളി കൊണ്ടോടി സെന്റ് പീറ്റർ യൂസ്ഡ് കാർ ഷോറൂമിൽ കേടായ കാർ വിൽപ്പന നടത്തിയതുമായി ബന്ധപ്പെട്ട സംഭവത്തിൽ ആറ് പ്രതികളെ അറസ്റ്റ് ചെയ്തു. മേൽപ്പറഞ്ഞ സംഭവങ്ങളിലെല്ലാംതന്നെ

പോലീസ് യഥാസമയം കേസ് രജിസ്റ്റർ ചെയ്ത് മേൽനടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണ്ടാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ റൗഡി ഹിസ്റ്ററി ഷീറ്റുകൾ ആരംഭിക്കുകയും Cr.PC.107 പ്രകാരവും കാപ്പ ആക്ട് പ്രകാരവും കേസെടുക്കുകയും ചെയ്യുന്നുണ്ട്. കുറ്റകൃത്യങ്ങളിലേർപ്പെട്ട് ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരെ സ്പെഷ്യൽ ബ്രാഞ്ചും ഷാഡോ പോലീസും നിരീക്ഷിച്ച് വീണ്ടും അവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നുണ്ടോയെന്ന് പരിശോധന നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

ശ്രീ. പി. ടി. തോമസ്: എറണാകുളം ജില്ലയാകെ ഗുണ്ടാസംഘങ്ങളുടെ പിടിയിൽ അമർന്നിരിക്കുകയാണ്. പോലീസ് സ്റ്റേഷനിൽ നൽകുന്ന പരാതി സംബന്ധിച്ച് ഗുണ്ടാസംഘങ്ങൾക്ക് ഉടനടി വിവരം ലഭിക്കുന്നുണ്ട്. പോലീസ് സ്റ്റേഷനുകളിലെ ഭരണം നിയന്ത്രിക്കുന്നത് ഗുണ്ടാസംഘങ്ങളാണ്. ഇടപ്പള്ളി കൊണ്ടോടി സെന്റ് പീറ്റർ യൂസ്ഡ് കാർ ഷോറൂമിലുണ്ടായ സംഭവം പോലീസ് ഉദ്യോഗസ്ഥരുടെ മൗനാനുവാദത്തോടെ നടന്നതാണ്. സി.പി.ഐ.(എം.)-ന്റെ ചില നേതാക്കൾ എറണാകുളത്തെ ഗുണ്ടാസംഘങ്ങൾക്ക് പിന്തുണ നൽകുകയാണ്. വ്യവസായിയായ സാന്ദ്രാ തോമസിന്റെ കേസിലുണ്ടായ പോലീസ്-ഗുണ്ടാ കൂട്ടുകെട്ടിനെ സംബന്ധിച്ച് സമഗ്രാന്വേഷണം നടത്തണം.

ഗുണ്ടാവിളയാട്ടത്തിന് അറുതിവരുത്തി സംസ്ഥാനത്തെ ജനങ്ങളുടെ സൈ്വര്യജീവിതത്തിനുള്ള സാഹചര്യം സൃഷ്ടിക്കണം. സംസ്ഥാനത്ത് ക്രമസമാധാനം തകർന്നിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഈ പ്രശ്നം വളരെ ഗൗരവമായാണ് സർക്കാർ കാണുന്നത്. നിയമപാലനത്തെ ബാധിക്കുന്ന രീതിയിലാണ് ഇവിടെ ഗുണ്ടാപ്രവർത്തനങ്ങൾ നടക്കുന്നത്. ഗുണ്ടാ ആക്രമണങ്ങൾ നടക്കുമ്പോൾ തന്നെ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ഫലപ്രദമായ നടപടി സ്വീകരിക്കുന്നുണ്ട്. ഗുണ്ടാസംഘങ്ങളുമായി പോലീസിന് ബന്ധമുണ്ടെന്ന തരത്തിലുള്ള യാതൊരു തെളിവും ഇതുവരെ ലഭിച്ചിട്ടില്ല. രാഷ്ട്രീയപരമായ ഇടപെടലില്ലാതെതന്നെ ഗുണ്ടാസംഘങ്ങളെ നിലയ്ക്കുനിർത്തുന്നതാണ്. ഗുണ്ടാ സംഘങ്ങളുമായി ബന്ധപ്പെട്ട എല്ലാ കേസ്സുകളും അന്വേഷിക്കാൻ സർക്കാർ തയ്യാറാണ്. ഇവരെ നിരീക്ഷിക്കാനും ഇവർക്കെതിരെ നടപടിയെടുക്കാനുമായി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കാൻ സർക്കാർ സന്നദ്ധമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. കെ. കുഞ്ഞാലിക്കുട്ടി, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

<u>ശ്രീ. ഒ. രാജഗോപാൽ</u>: നിയമ വ്യവസ്ഥയെ മറികടന്നുകൊണ്ട് സംസ്ഥാനത്ത് ഗുണ്ടാവിളയാട്ടം നടക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. ബി.ജെ.പി.യുടെ സംസ്ഥാന കമ്മിറ്റി ഓഫീസിനുനേരെ കല്ലേറ് നടത്തിയതുൾപ്പെടെ നിരവധി കേസ്സുകളിൽ പോലീസ് നടപടി സ്വീകരിച്ചിട്ടില്ല. കോടതിയിൽ സാക്ഷി പറഞ്ഞതിന്റെ പേരിലും പോളിംഗ് ഏജന്റായി പ്രവർത്തിച്ചതിന്റെ പേരിലും നിരപരാധികൾ ശിക്ഷിക്കപ്പെടുകയാണ്. സംസ്ഥാനത്ത് എല്ലാ പൗരന്മാർക്കും നിയമപ്രകാരം പ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണം. ഗുണ്ടാവിളയാട്ടം സംബന്ധിച്ച് ചർച്ച ചെയ്യാൻ സന്നദ്ധമാകാതിരുന്നത് പ്രതിഷേധാർഹമാണ്. ഗുണ്ടകളെ അമർച്ച ചെയ്യുന്നതിൽ സർക്കാർ തികച്ചും പരാജയപ്പെട്ടിരിക്കുകയാണ്.

## III ശ്രദ്ധക്ഷണിക്കൽ

### (1) <u>ദൃശ്യ-മാധ്യമ പ്രവർത്തകരുടെ തൊഴിലവകാശങ്ങൾ</u>

<u>ശ്രീമതി വീണാ ജോർജ്ജ്</u>: പല തൊഴിലിടങ്ങളിലും ജീവനക്കാരെ ചൂഷണം ചെയ്യുന്നത് റിപ്പോർട്ട് ചെയ്യുന്ന ദൃശ്യ-മാധ്യമ പ്രവർത്തകർ തങ്ങളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്താതെ പ്രവർത്തിക്കുന്നവരാണ്. ഇരുപതിനായിരത്തോളംപേർ ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. ചില ചാനലുകൾ സാമ്പത്തിക പ്രതിസന്ധിമൂലം അടച്ചുപൂട്ടുകയും നിലവിൽ പ്രവർത്തിക്കുന്ന ചില ചാനലുകൾക്ക് മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യവുമാണുള്ളത്. ഈ രംഗത്തെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി മാധ്യമ പ്രവർത്തകരുൾപ്പെടുന്ന ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കണം. ഇവരെ വേജ് ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി വർക്ക് ജേണലിസത്തിന്റെ നിർവ്വചനത്തിൽ ഭേദഗതി വരുത്തുന്നതിന് എം.പി.മാരും സർക്കാരും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. മാധ്യമ പ്രവർത്തകർക്ക് കാലാനുസൃതമായി പെൻഷൻ പുതുക്കി നൽകുന്നതിനും ഈ മേഖലയ്ക്ക് അസംഘടിത മേഖലയ്ക്ക് നൽകുന്ന പരിഗണന നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ദൃശ്യ-മാധ്യമ പ്രവർത്തകർക്ക് തൊഴിൽ അരക്ഷിതാവസ്ഥയുള്ളതായി പരാതികൾ ലഭിച്ചിട്ടില്ല. പല

സ്ഥാപനങ്ങളിലും കുറഞ്ഞ വേതനം നൽകുന്നതും കൃത്യമായി ശമ്പളം നൽകുന്നില്ലെന്നതുമായ ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. മാധ്യമ പ്രവർത്തകർക്ക് സമയക്രമീകരണം ഏർപ്പെടുത്തുന്ന കാര്യം ഗൗരവമായി പരിഗണിക്കേണ്ടതാണ്. ജോലി സ്ഥലങ്ങളിൽ സ്ത്രീ ജീവനക്കാർക്കുൾപ്പെടെ അടിസ്ഥാന സൗകര്യമില്ലാത്തതിനാൽ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ, വേതനം എന്നിവ സംബന്ധിച്ച കാര്യങ്ങൾ നിരീക്ഷിക്കാൻ തൊഴിൽ വകുപ്പിന്റെ കീഴിൽ സംവിധാനമൊരുക്കും. ഈ രംഗത്ത് പ്രവർത്തിക്കുന്നവർ ആവശ്യപ്പെട്ടാൽ ഇവരെ വേജ് ബോർഡിന്റെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം പരിശോധിക്കുന്നതാണ്. ദൃശ്യ-മാധ്യമ പ്രവർത്തകരുടെ പ്രശ്നങ്ങൾ ആ മേഖലയിലുള്ളവരുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ട കാര്യമായതിനാൽ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കേണ്ട ആവശ്യം ഉദിക്കുന്നില്ല.

## (2) സിമന്റ് വില വർദ്ധനവ്

ശ്രീ. പി. ടി. തോമസ്: സിമന്റിന്റെ വിലവർദ്ധനവുമൂലം എസ്.സി./എസ്.ടി, ലക്ഷംവീട് കോളനി നിവാസികളും സാധാരണക്കാരും വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. മറ്റ് പല സംസ്ഥാനങ്ങളേയും

അപേക്ഷിച്ച് കേരളത്തിൽ സിമന്റ് വിലയിൽ വലിയ വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. തമിഴ്നാട്ടിൽ 200 രൂപയ്ക്ക് താഴെ അമ്മ സിമന്റ് എന്ന പേരിൽ സിമന്റ് വിതരണം ചെയ്യുന്നുണ്ട്. ഇതുപോലുള്ള രീതി ഇവിടെയും നടപ്പാക്കാവുന്നതാണ്. സംസ്ഥാനത്ത് സിമന്റ് വിതരണം ചെയ്യുന്ന കമ്പനികളിലെ ഉദ്യോഗസ്ഥരുമായി ചർച്ചനടത്തി സിമന്റ് വില ക്രമാതീതമായി വർദ്ധിക്കുന്നത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം. മലബാർ സിമന്റ്സിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിൽ സിമന്റ് വില ക്രമാതീതമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സിമന്റ് ഉൽപ്പാദകരെയും ഡീലർമാരെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ സാധ്യമായ ഇടപെടലുകൾ നടത്തുന്നതാണ്. കേരളത്തിനാവശ്യമുള്ള സിമന്റിന്റെ പത്ത് ശതമാനത്തോളം മാത്രം ഉൽപ്പാദനം നടത്തുന്ന മലബാർ സിമന്റ്സ് വിപണി വിലയേക്കാൾ ഇരുപത്തിയഞ്ച് രൂപ കുറച്ചാണ് ചില്ലറ വിൽപ്പന നടത്തുന്നത്. സിമന്റ് വില ക്രമാതീതമായി കുതിച്ചുയരുന്ന സാഹചര്യത്തിൽ ഏത് തരത്തിലുള്ളവർക്ക് എങ്ങനെയാണ് കൊടുക്കേണ്ടത് എന്നത് സംബന്ധിച്ച് പൊതു

ധാരണയുണ്ടാക്കേണ്ടതായിട്ടുണ്ട്. സാധാരണക്കാർക്ക് സബ്സിഡി നിരക്കിൽ സിമന്റ് വിതരണം ചെയ്യുന്നത് സംബന്ധിച്ച് സിമന്റ് കമ്പനി ഉടമകളുമായി ചർച്ച ചെയ്ത് പ്രയോഗത്തിൽ വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## IV സബ്മിഷൻ

(1) ദളിത് യുവാക്കൾക്കുനേരെയുള്ള പോലീസ് മർദ്ദനം

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അഞ്ചാലുംമൂട്, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ അകാരണമായി ദളിത് യുവാക്കളെ അറസ്റ്റ് ചെയ്ത് ക്രൂരമായി മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കും റാഗിംഗിന്റെ പേരിൽ ദളിത് വിദ്യാർത്ഥിക്കെതിരെ കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജിൽ അക്രമം നടത്തിയവർക്കുമെതിരായി അന്വേഷണം നടത്തുന്നതിനും ദളിത് വിഭാഗക്കാർക്ക് പോലീസ് സ്റ്റേഷനുകളിൽ നീതി ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഒ. രാജഗോപാൽ : പട്ടികജാതി വിഭാഗക്കാർക്കെതിരെയുള്ള അക്രമങ്ങൾ തടയുന്നതിനും പാർട്ടി മാറി പൊതുപ്രവർത്തനം നടത്താനുള്ള ദളിത് വിഭാഗക്കാരുടെ പൗരാവകാശം നിഷേധിക്കുന്ന നിലപാടിനെതിരെയും ശക്തമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊല്ലം അഞ്ചാലുംമൂട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കാഞ്ഞിരംകുഴി ജംഗ്ഷന് സമീപമുള്ള തന്റെ കടയിൽ മോഷണം നടന്നുവെന്ന രമണന്റെ പരാതിപ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന അനീഷ്, ഷിബു എന്നിവരെ സംശയമുള്ളതായി അന്വേഷണ ഉദ്യോഗസ്ഥന് മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ 20-10-2016-ന് രാവിലെ ഇവരെ കസ്റ്റഡിയിലെടുത്ത് വിശദമായി ചോദ്യം ചെയ്തെങ്കിലും ഇവരെ പ്രതി ചേർക്കുന്നതിന് മതിയായ തെളിവുകളില്ലാത്തതിനാൽ വൈകുന്നേരം ബന്ധുക്കളോടൊപ്പം വിട്ടയച്ചു. ലോക്കപ്പ് മർദ്ദനമാരോപിച്ച് കൊല്ലം ജില്ലാ ആശുപത്രിയിൽ ഇവർ പ്രവേശിച്ചത് കണക്കിലെടുത്ത് അഞ്ചാലുംമൂട് എസ്.ഐ. പ്രശാന്ത്കുമാറിനെ സ്ഥലംമാറ്റിയിട്ടുണ്ട്. കേസന്വേഷണ ചുമതല ഏറ്റെടുത്ത കൊല്ലം എ.സി.പി.-യുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കർശനമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. മൂവാറ്റുപുഴ സംഭവത്തിന്മേൽ പോലീസ് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റാഗിംഗ് നടന്നുവെന്ന ആക്ഷേപത്തിന്മേൽ ആവശ്യമായ പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണ്. പാർട്ടി മാറിയെന്ന പേരിലോ പട്ടികജാതി വിഭാഗക്കാരെന്നപേരിലോ ആക്രമിക്കുന്നുവെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്.

(2) ക്ഷേമനിധി

ശ്രീ. റ്റി. വി. രാജേഷ്: പത്രം ഏജന്റുമാരുടെയും വിതരണക്കാരുടെയും വിഹിതവും പത്ര ഉടമകളിൽ നിന്നുള്ള വിഹിതവും ഗവൺമെന്റ് വിഹിതവും ഉൾപ്പെടുത്തി ക്ഷേമനിധി രൂപീകരിക്കാനും പത്രവിതരണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 20-03-1991-ലെ തൊഴിൽ വകുപ്പിന്റെ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള കൈത്തൊഴിലാളി-വിദഗ്ദ്ധതൊഴിലാളി ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തി പത്ര ഏജന്റുമാർക്കും വിതരണക്കാർക്കും വിവിധ തരത്തിലുള്ള ധനസഹായങ്ങളും ആനുകൂല്യങ്ങളും നൽകുന്നുണ്ട്. നിലവിലുള്ള ആനുകൂല്യങ്ങൾക്കുപുറമെ മറ്റെന്തെങ്കിലും ഏർപ്പെടുത്തേണ്ടതുണ്ടോയെന്ന കാര്യം പഠനവിധേയമാക്കുന്നതോടൊപ്പം 02-02-2016-ൽ നിലവിൽ വന്ന കേരള അൺ-ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി ബോർഡിൽ അംഗത്വമെടുത്ത് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നേടിയെടുക്കാവുന്നതാണ്.

(3) പോലീസ് സ്റ്റേഷനുകളിൽ കൂട്ടിയിട്ടിരിക്കുന്ന വാഹനങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: വിവിധ കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നതുമൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടവും പരിസര മലിനീകരണവും ഒഴിവാക്കാനായി അവ ലേലം ചെയ്യാനോ

വിൽക്കാനോ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിവിധ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. തൊണ്ടിമുതലായി സൂക്ഷിക്കേണ്ട വാഹനങ്ങൾ കോടതി നടപടികളിലൂടെ മാത്രമേ വിട്ടുനൽകാൻ കഴിയുകയുള്ളൂ. പോലീസ് സ്റ്റേഷൻ പരിസരത്തുള്ള തൊണ്ടിമുതലായി സൂക്ഷിക്കേണ്ടതല്ലാത്ത വാഹനങ്ങളുടെ കാര്യത്തിൽ തീർപ്പുണ്ടാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സ്റ്റേഷൻ പരിസരത്തുനിന്ന് വാഹനങ്ങൾ ഒഴിവാക്കുന്നതിനായി പ്രത്യേകം യാർഡുകൾ കണ്ടെത്തുകയും കേസുമായി ബന്ധപ്പെട്ട വാഹനങ്ങൾ കോടതി നിർദ്ദേശമനുസരിച്ച് അതാത് ഉടമസ്ഥർക്ക് വിട്ടുനൽകാനും അവകാശികളില്ലാതെ പോലീസ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിക്കുന്ന വാഹനങ്ങൾ 2011-ലെ കേരള പോലീസ് ആക്ട് പ്രകാരം ലേലം ചെയ്ത് നൽകാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) പോലീസ് മർദ്ദനം

ശ്രീ. എം. വിൻസെന്റ്: കഠിനംകുളം പോലീസ് സ്റ്റേഷനിൽ ദളിത് വിഭാഗത്തിൽപ്പെട്ട സജിത്തിനെ ക്രൂരമായി മർദ്ദിച്ച പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 13.10.2016-ന് രാത്രി 11.30-ഓടെ പുതുവൽ കോളനിയിലെ പഞ്ചമി ക്ലബ്ബിന്റെ ആഘോഷ പരിപാടികൾ തടസ്സപ്പെടുത്തിയതിന്റെ ഭാഗമായി പോലീസിന് രാത്രി മുഴുവൻ അവിടെ ക്യാമ്പ് ചെയ്യേണ്ടിവന്നു. 14.10.2016-ന് രാവിലെ പട്രോൾ ഡ്യൂട്ടി കഴിഞ്ഞ് എത്തിയ സബ് ഇൻസ്പെക്ടറും സംഘവും പ്രസ്തുത സ്ഥലത്ത് മദ്യപിച്ചെത്തിയ സജിത്തിനെ കണ്ടെത്തുകയും പരിശോധനയിൽ മദ്യപിച്ചതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്ത് കേസ് രജിസ്റ്റർ ചെയ്യുകയും ജാമ്യത്തിൽ വിട്ടയയ്ക്കുകയും ചെയ്തു. അന്നേ ദിവസം രാത്രി സജിത്തും കൂട്ടാളികളും ചേർന്ന് വീട്ടിൽ അതിക്രമിച്ചുകയറി ഭീഷണിപ്പെടുത്തുകയും വീടിന് കേടുപാടുകൾ വരുത്തുകയും ചെയ്തുവെന്ന് കാണിച്ച് പുതുവൽ സി.എസ്.ഐ. ചർച്ചിനു സമീപമുള്ള ശ്യാമ നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തി സത്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുറ്റവാളികളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പോലീസുദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കുന്നതിനായി ആറ്റിങ്ങൽ എ.എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്; റിപ്പോർട്ട്

ലഭ്യമായശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(5) <u>കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് സ്ഥലം അനുവദിക്കൽ</u>

<u>ശ്രീ. എം. രാജഗോപാലൻ</u>: കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് സ്ഥലം അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ വില്ലേജിൽപ്പെട്ട 20 സെന്റ് സർക്കാർ പുറമ്പോക്ക് സ്ഥലത്ത് ഓഫീസ് കോംപ്ലക്സും ഇ.എം.എസ്. മെമ്മോറിയൽ ലൈബ്രറി ആന്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കുന്നതിന് 08-08-2000-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള ലൈബ്രറി കൗൺസിലിന് അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി തേടാതെ പുറപ്പെടുവിച്ചതിനാൽ സ്ഥലം അനുവദിച്ച നടപടി 23-01-2002-ലെ മന്ത്രിസഭായോഗം റദ്ദ് ചെയ്യുകയുണ്ടായി. പ്രസ്തുത സ്ഥലം ലൈബ്രറി കൗൺസിലിന് കൈമാറുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്ന് ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിയമപ്രകാരം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(6) ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കൽ

ശ്രീ. ആർ. രാമചന്ദ്രൻ: കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥയും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടും പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): 95 ഷെഡ്യൂളുകളുണ്ടായിരുന്ന കരുനാഗപ്പള്ളി ഡിപ്പോയിൽ ഒരു ദിവസംപോലും സർവ്വീസ് നടത്താത്ത ഏഴ് ഷെഡ്യൂളുകൾ പിൻവലിച്ചിട്ടുണ്ട്. നിലവിലുള്ള 88 ഷെഡ്യൂളുകൾ നടത്താൻ പര്യാപ്തമായ ബസ്സുകളില്ലാത്ത സ്ഥിതിയാണുള്ളത്. 11 ബസ്സുകൾ ഇപ്പോൾ വർക്ക്ഷോപ്പിലാണ്. അവയുടെ റിപ്പയർ പൂർത്തിയാക്കി അടിയന്തരമായി സർവ്വീസ് നടത്തുന്നതാണ്. നവംബർ മാസം ഒന്നാം തീയതിക്കുമുമ്പ് അഞ്ച് ബസ്സുകളുടെയെങ്കിലും സർവ്വീസ് തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത ഡിപ്പോയുടെ പ്രാധാന്യം കണക്കിലെടുത്ത് എന്തൊക്കെ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ കഴിയുമെന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(7) പെർമിറ്റില്ലാതെയുള്ള ടാക്സി സർവ്വീസ്

ഡോ. എൻ. ജയരാജ്: പെർമിറ്റില്ലാതെ ടാക്സി സർവ്വീസ് നടത്തുന്ന വാഹന ഉടമകൾക്കെതിരെ ഉചിതമായ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനും സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടമാകാതെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സ്വകാര്യ വാഹനങ്ങൾ നിയമം ലംഘിച്ച് സർവ്വീസ് നടത്തുന്നത് അംഗീകൃത വാഹനങ്ങളുടെ വരുമാനത്തെ തടസ്സപ്പെടുത്തുന്നതിനാൽ അനധികൃത സർവ്വീസ് നടത്തുന്ന വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. വ്യാപകമായ പരിശോധനകൾ ഊർജ്ജിതപ്പെടുത്തി പെർമിറ്റില്ലാത്ത വാഹനങ്ങൾ പിടിച്ചെടുത്ത് പിഴ ഈടാക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്. അനധികൃത ടാക്സി സർവ്വീസിനെതിരെ കർശന നടപടികളെടുത്ത് നിയമാനുസൃത സർവ്വീസിനെ സംരക്ഷിക്കുന്നതാണ്.

(8) ജങ്കാർ സർവ്വീസ്

ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ: മുനമ്പം-അഴീക്കോട് ജങ്കാർ സർവ്വീസ് സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.

രാമചന്ദ്രൻ കടന്നപ്പള്ളി): അഴീക്കോടുനിന്ന് മുനമ്പത്തേയ്ക്ക് തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നടത്തിവന്നിരുന്ന ജങ്കാർ സർവ്വീസ് ചാനലിൽ മണൽ വന്നടിഞ്ഞതുമൂലം സർവ്വീസ് നടത്താൻ പറ്റാത്ത അവസ്ഥയിലാണ്. ഡ്രഡ്ജിംഗ് മുഖാന്തിരം മണൽത്തിട്ട നീക്കാൻ സാധ്യമല്ലാത്തതിനാൽ കൊടുങ്ങല്ലൂർ തുറമുഖത്തെ മെക്കാനിക്കൽ ഡ്രഡ്ജിംഗ് പ്രവൃത്തിയോടനുബന്ധമായി ഈ പ്രവൃത്തിയും ചെയ്യുന്നതിന് കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതിനാൽ ഹൈക്കോടതി ഉത്തരവ് ലഭ്യമാക്കി ഡ്രഡ്ജിംഗിനും അതുവഴി ജങ്കാർ ചാനലിലെ മണൽത്തിട്ട നീക്കം ചെയ്യാനുമുള്ള നടപടികൾ തുറമുഖ വകുപ്പ് സ്വീകരിക്കുന്നതാണ്.

(9) പുറപ്പള്ളിക്കാവ് റഗുലേറ്റർ-കം-ബ്രിഡ്ജ്

(ഈ വിഷയം സംബന്ധിച്ച് ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : കൊച്ചി നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുന്ന പുറപ്പള്ളിക്കാവ് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ

പ്രവർത്തനം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പുറപ്പള്ളിക്കാവ് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം നബാർഡിന്റെ സഹായത്തോടെ ഇറിഗേഷൻ വകുപ്പാണ് നടപ്പാക്കുന്നത്. 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള പ്രസ്തുത പ്രവൃത്തിക്കാവശ്യമായ 68 കോടി രൂപ നബാർഡും 32 കോടി രൂപ ഇറിഗേഷൻ വകുപ്പും ചേർന്നാണ് വഹിക്കേണ്ടത്. മുൻ സർക്കാരിന്റെ കാലത്ത് ഈ തുക പൊതുമരാമത്ത് വകുപ്പ് വഹിക്കേണ്ടതാണെന്ന് തീരുമാനിച്ചുകൊണ്ട് ഉത്തരവിറക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ്ഡിൽ തുകയൊന്നും നീക്കിവയ്ക്കാത്ത സാഹചര്യത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് തുക അനുവദിക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടാവുന്നതാണ്.

(10) സ്റ്റാമ്പ് ഡ്യൂട്ടിയിലെ ഇളവ്

ശ്രീ. പി. കെ. ശശി : സഹകരണ നിയമത്തിലെ സെക്ഷൻ 40-ൽ ആവശ്യമായ ഭേദഗതി വരുത്തി സഹകരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിരുന്ന സ്റ്റാമ്പ് ഡ്യൂട്ടിയിലെ ഇളവ് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥ പ്രകാരവും

സർക്കാരിന്റെ 8.10.1960-ലെ ഉത്തരവുപ്രകാരവും സഹകരണ സംഘങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ ലഭിക്കുന്നില്ല എന്നത് വസ്തുതയാണ്. സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് നൽകിക്കൊണ്ട് നിലവിലുള്ള ഉത്തരവിലെ അവ്യക്തതയും അപാകതയും പരിഹരിച്ചുകൊണ്ട് 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 40-ൽ ഭേദഗതി വരുത്തുകയും 1960-ലെ സർക്കാർ നോട്ടിഫിക്കേഷനുപകരം പുതിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് കൂടുതൽ പരിശോധന ആവശ്യമാണ്. രജിസ്ട്രേഷൻ, ധനകാര്യം, നികുതി വകുപ്പുകളുമായി ചർച്ച ചെയ്ത് സ്റ്റാമ്പ് ഡ്യൂട്ടി പുന:സ്ഥാപിക്കുന്നതിനാവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VI ക്രമപ്രശ്നം

### ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സബ്ജക്ട് കമ്മിറ്റി മുമ്പാകെ ഹാജരാക്കുന്ന ധനാഭ്യർത്ഥനകളുടെ കുറിപ്പിൽ മുൻവർഷത്തെ ധനാഭ്യർത്ഥനകളുമായുള്ള

താരതമ്യവും വ്യതിയാനങ്ങളുമുള്ളപക്ഷം അവയ്ക്കുള്ള കാരണങ്ങളും ഹാജരാക്കണമെന്ന ചട്ടത്തിന് വിരുദ്ധമായി 2016-17-ലെ ബഡ്ജറ്റുമായി ബന്ധപ്പെട്ട ചില ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനാ കുറിപ്പുകളിൽ മുൻവർഷത്തെ ചെലവുകൾ സൂചിപ്പിച്ചിട്ടില്ല എന്നുകാണുന്നു. ഇത് സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനാ ചർച്ചയിൽ അംഗങ്ങൾക്ക് ഫലപ്രദമായി ഇടപെടുന്നതിന് തടസ്സമാണ്. വ്യക്തമായ കണക്കില്ലാതെ പുതിയ ചെലവുകളുടെ ധനാഭ്യർത്ഥനയുമായി സഭയെ സമീപിക്കുന്നത് ഉചിതമല്ലാത്തതിനാൽ ഇത്തരം തെറ്റായ പ്രവണതകൾ അവസാനിപ്പിക്കുന്നതിന് റൂളിംഗ് നൽകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സബ്ജക്ട് കമ്മിറ്റിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 7(3) പ്രകാരം ധനാഭ്യർത്ഥനയ്ക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന വകുപ്പുകൾ കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ധനാഭ്യർത്ഥനകളുമായി താരതമ്യവും വ്യതിയാനവുമുള്ള പക്ഷം അവയ്ക്കുള്ള കാരണങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റ്മെന്റ് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ചില വകുപ്പുകൾ ഇക്കാര്യത്തിൽ മതിയായ ശ്രദ്ധ പുലർത്തുന്നില്ല. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വീഴ്ച തുടരുന്നത് അനുവദിക്കാൻ കഴിയില്ല. നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും

സംബന്ധിച്ച ചട്ടങ്ങൾക്കും സബ്ജക്റ്റ് കമ്മിറ്റിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശങ്ങൾക്കും അനുസൃതമായുള്ള കൃത്യമായ സ്റ്റേറ്റ്മെന്റുകൾ സബ്ജക്റ്റ് കമ്മിറ്റിക്ക് സമർപ്പിക്കണമെന്നുള്ള കർശന നിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകുന്നതാണ്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഈ വിഷയത്തിൽ വീഴ്ച ആവർത്തിക്കാതിരിക്കാൻ വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകുമെന്ന് <u>ബഹു</u>. നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. സമിതികളുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 7(3)-ൽ പരാമർശിച്ചിരിക്കുന്നത് പ്രകാരമായിരിക്കണം ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച യോഗവുമായി ബന്ധപ്പെട്ട് രേഖകൾ നൽകേണ്ടതെന്നും സഭാനടപടി ചട്ടങ്ങളുടെ ഭാഗമായി ചേർത്തിട്ടുള്ളതും സ്പീക്കർമാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ളതുമായ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണെന്നുമുള്ള കർശന നിർദ്ദേശം പാർലമെന്ററികാര്യ വകുപ്പ് എല്ലാ ഭരണ വകുപ്പുകൾക്കും നൽകേണ്ടതാണെന്നും ചട്ടങ്ങളിൽ പരാമർശിച്ചിരിക്കുന്നതുപ്രകാരം യോഗ തീയതിക്ക് രണ്ട് ദിവസം മുമ്പ് ഇപ്രകാരമുള്ള രേഖകൾ അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കണമെന്നും റൂൾ ചെയ്യുന്നു.

## VII ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം (1263,51,39,000 രൂപ)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ (479,93,75,000 രൂപ)

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയെയും വ്യവസായങ്ങൾ എന്ന

XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(സർവ്വശ്രീ മഞ്ഞളാംകുഴി അലി, കെ. എം. ഷാജി, കെ. എസ്. ശബരീനാഥൻ, എം. വിൻസെന്റ്, അൻവർ സാദത്ത്, എ. പി. അനിൽ കുമാർ, വി. ഡി. സതീശൻ, ഐ. സി. ബാലകൃഷ്ണൻ, എൻ. ഷംസുദ്ദീൻ, ടി. വി. ഇബ്രാഹിം, പി. അബ്ദുൽ ഹമീദ്, പി. കെ. ബഷീർ, എം. ഉമ്മർ, വി. കെ. ഇബ്രാഹിം കുഞ്ഞ്, റ്റി. എ. അഹമ്മദ് കബീർ, സണ്ണി ജോസഫ്, കെ. സി. ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. മുരളീധരൻ, അനൂപ് ജേക്കബ്, എൽദോസ് കുന്നപ്പിള്ളി, പി. ബി. അബ്ദുൽ റസ്സാക്ക്, എൻ. എ. നെല്ലിക്കുന്ന് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

<u>ശ്രീ. ബി. സത്യൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശ്രീനാരായണ ഗുരുദേവന്റെ ജാതിയില്ലാ വിളംബരവും ദൈവദശകം എഴുതിയതിന്റെ നൂറാം വാർഷികവും സാംസ്കാരിക പരിപാടികളിലൂടെ ആഘോഷിക്കുന്നതിന് തീരുമാനമെടുത്ത സർക്കാരിനെ അനുമോദിക്കുന്നു. ദളിതർക്കെതിരെ രാജ്യവ്യാപകമായി നടക്കുന്ന പീഡനങ്ങൾ തടയുന്നതിൽ കേന്ദ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. സംവരണം ഒഴിവാക്കണമെന്ന ആർ.എസ്.എസ്. നിലപാടിനെ അനുകൂലിക്കുന്ന കേന്ദ്ര സർക്കാർ സമീപനം തിരുത്തപ്പെടണം. വിദ്യാഭ്യാസപരമായും തൊഴിൽപരമായും

പിന്നോക്കവിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ദയനീയമായി പരാജയപ്പെട്ടു. വീടും സ്ഥലവും ഇല്ലാത്തവർക്ക് അവ ലഭ്യമാക്കുന്നതിനുള്ള പദ്ധതി പുനരാവിഷ്ക്കരിക്കണം. അട്ടപ്പാടിയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി കർമ്മപദ്ധതികൾ ആവിഷ്കരിച്ച സർക്കാർ നടപടിയെ സ്വാഗതം ചെയ്യുന്നു. പട്ടികജാതി/പട്ടികവർഗ്ഗ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ വിഷയങ്ങളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന അലംഭാവം പരിശോധിക്കണം. പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ്, ലംപ്സംഗ്രാന്റ്, പോക്കറ്റ് മണിയുൾപ്പെടെയുള്ള ധനസഹായം എ.ടി.എം. വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചത് ശ്ലാഘനീയമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ഉണ്ണി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ പൊതുവിപണിയിലെ

വിഹിതം വർദ്ധിപ്പിക്കുന്നതിനും കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ വ്യവസായ മേഖലയായ കഞ്ചിക്കോട്ട് ഗതാഗതയോഗ്യമായ റോഡുകൾ, വൈദ്യുതി, വെള്ളം, ഇ.എസ്.ഐ. ആശുപത്രി, പി.എഫ്. ഓഫീസ് തുടങ്ങിയ സംവിധാനങ്ങളടങ്ങിയ പാക്കേജ് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ അറിവിന്റെ ലോകത്തിലേയ്ക്ക് നയിക്കുന്നതിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 8-ാം ക്ലാസുമുതൽ കോളേജുതലം വരെയുള്ള കുട്ടികൾക്ക് പഠന മുറി സഹായ പദ്ധതിയിലൂടെ രണ്ടുലക്ഷം രൂപ സഹായധനം നൽകുമെന്ന പ്രഖ്യാപനവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ-ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി 'വാത്സല്യ നിധി' ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ചതും ഗവൺമെന്റിന് ഈ വിഭാഗത്തോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനും സംരക്ഷണത്തിനുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വൻതുകകൾ വകയിരുത്തുകയും നിയമങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഈ വിഭാഗത്തിനുനേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി എൻ.സി.ആർ.ബി.-യുടെ കണക്കുകൾ വ്യക്തമാക്കുന്നു. സംസ്ഥാനത്ത് അടുത്തകാലത്തുണ്ടായിട്ടുള്ള ദളിത് പീഡന സംഭവങ്ങൾ

ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടി സ്വീകരിക്കണം. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പൊതുമേഖലാ സ്ഥാപനമായ എച്ച്.ഒ.സി.-യുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് അടിയന്തിര ഇടപെടൽ നടത്തണം.

ശ്രീമതി സി. കെ. ആശ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യാഥാർത്ഥ്യബോധത്തോടെയും ദീർഘവീക്ഷണത്തോടെയും വിവിധ പദ്ധതികൾ ആരംഭിച്ചതിനൊപ്പം പട്ടികജാതി വികസനത്തിനായി 1038 കോടി രൂപയും പട്ടികവർഗ്ഗ വികസനത്തിനായി 208.38 കോടി രൂപയും ബഡ്ജറ്റിൽ അനുവദിച്ച ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. ഈ തുക അർഹരായവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. രാജ്യത്ത് നിലനിൽക്കുന്ന സംവരണതത്വങ്ങളെ അട്ടിമറിക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. സ്വകാര്യ മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗ സംവരണം ഏർപ്പെടുത്തണം. വിവിധ സർട്ടിഫിക്കറ്റുകൾക്കായി എസ്.സി./എസ്.ടി. വിഭാഗക്കാരിൽ നിന്നും അക്ഷയ കേന്ദ്രങ്ങൾ ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് ഒഴിവാക്കുന്നതിനും പ്രസ്തുത കേന്ദ്രങ്ങൾ നൽകുന്ന ജാതി സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് അനർഹർ ആനുകൂല്യം നേടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗക്കാർക്ക് ജനറൽ ഹൗസിംഗ് കോളനികളിൽ നിശ്ചിത

ശതമാനം വീടുകൾ അനുവദിക്കണം. പബ്ലിക് സ്കൂളുകളിൽ എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് സീറ്റ് സംവരണം ഏർപ്പെടുത്തുന്നതോടൊപ്പം ഗവൺമെന്റ് സബ്സിഡി നൽകുന്ന സ്വകാര്യ മേഖലയിൽ ഈ വിഭാഗക്കാർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നൽകണം. നവോത്ഥാന നായകരുടെ പേരിൽ എല്ലാ ജില്ലകളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന പ്രഖ്യാപനവും സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ മലയാള സാഹിത്യ കൃതികൾ ഡിജിറ്റലൈസ് ചെയ്യാനുള്ള തീരുമാനവും ശ്ലാഘനീയമാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതു-സ്വകാര്യ മേഖലകളെ പ്രോത്സാഹിപ്പിച്ച് വ്യവസായ വികസനം സാധ്യമാക്കി മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള ഗവൺമെന്റിന്റെ ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മേഖല വിപുലീകരിച്ചും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും ലാഭകരമാക്കാനുള്ള പ്രവർത്തനങ്ങളാണ് ഗവൺമെന്റ് നടത്തുന്നത്. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ മിനി ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കാനുള്ള തീരുമാനവും സ്റ്റാർട്ടപ് പദ്ധതിയുടെ ഭാഗമായി കളമശ്ശേരി കോളേജ് ഓഫ് സോഷ്യൽ സയൻസിൽ

ഇൻക്യുബേഷൻ സെന്റർ ആരംഭിക്കാനുള്ള തീരുമാനവും ശ്ലാഘനീയമാണ്. വ്യവസായ നിക്ഷേപക സംരംഭങ്ങൾക്ക് അപേക്ഷിച്ച് 30 ദിവസത്തിനകം അനുമതി ലഭിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. വ്യവസായ മേഖല നേരിടുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി എൽ.എൻ.ജി. ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. കേരളത്തിലെ പൊതുമേഖലയെ സംരക്ഷിക്കാനും ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകാനും കഴിയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കണം.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുമേഖലയെയും സ്വകാര്യ മേഖലയെയും സംയുക്ത മേഖലയെയും ഒരുപോലെ ശക്തിപ്പെടുത്തുന്ന വ്യവസായ നയം ഗവൺമെന്റ് സ്വീകരിക്കണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി വൺ ടൈം സെറ്റിൽമെന്റ് നടത്തുകയും ഫെസിലിറ്റേറ്ററുടെ റോൾ മാത്രം ഗവൺമെന്റെടുക്കുകയും ചെയ്യുന്ന സംവിധാനത്തെപ്പറ്റി ആലോചിക്കണം. പൂട്ടികിടക്കുന്ന മലബാർ സിമന്റ്സ് തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കണം. ചെറുകിട ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി സംസ്ഥാനത്തെ മാറ്റുന്നതിന് ഗ്ലോബൽ

ഇൻവെസ്റ്റർ മീറ്റും, എമർജിംഗ് കേരളയും പോലുള്ള പരിപാടികൾ ആവിഷ്കരിക്കുകയും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്രാനുമതി ലഭിച്ച പാലക്കാട് മെഗാ ഫുഡ് പാർക്കും ഒറ്റപ്പാലത്തുള്ള ഡിഫൻസ് പാർക്കും കളമശ്ശേരിയിലെ ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്ററും ഇന്നവേഷൻ സെന്ററും ഇന്റർനാഷണൽ എക്സിബിഷൻ സെന്ററും കോഴിക്കോട് ഫുട്‌വെയർ ക്ലസ്റ്ററും പ്രോത്സാഹിപ്പിക്കണം. അടച്ചുപൂട്ടപ്പെടുന്ന കളമശ്ശേരിയിലെ വ്യവസായ സ്ഥാപനങ്ങൾ നിലനിർത്തുന്നതിനും കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽ ലിമിറ്റഡിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനും T.C.C.L-ന് ഇലക്ട്രിസിറ്റി ലഭ്യതയിലുണ്ടാകുന്ന പ്രതിസന്ധി മറികടക്കാൻ ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് ഓപ്പൺ ആക്സിസ് അനുവദിക്കാനും ഐ.റ്റി കയറ്റുമതി വർദ്ധിപ്പിക്കാനും കൊച്ചിയിൽ പരിസ്ഥിതി മലിനീകരണമുണ്ടാക്കാത്ത തരത്തിലുള്ള ഐ.ടി ന്യൂ ജനറേഷൻ ഇൻഡസ്ട്രീസ് ആരംഭിക്കുന്നതിനുള്ള പാർക്കുകൾ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്താനും നടപടിയെടുക്കണം.

<u>ശ്രീ. സി. കെ. നാണു</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിച്ച ഫണ്ട് യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. വൻകിട കുത്തകക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നയങ്ങളാണ്

ഇന്ത്യാഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പോരായ്മകൾ പരിഹരിക്കാനും ഖാദി-കൈത്തറി-കുടിൽ വ്യവസായങ്ങൾ സംരക്ഷിക്കാനും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ഒ. ആർ. കേളു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികളൊന്നും നടപ്പിലാക്കാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടില്ല. ഈ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനുതകുന്ന നിരവധി പ്രവർത്തനങ്ങൾ ചുരുങ്ങിയ കാലംകൊണ്ട് നടപ്പിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. ആദിവാസി ഭൂമി വിതരണവുമായി ബന്ധപ്പെട്ട് നടന്ന അഴിമതിയും വയനാട്ടിൽ മാവോയിസ്റ്റ് തീവ്രവാദവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ തൊണ്ടർനാട് പാക്കേജിലെ അഴിമതിയും അന്വേഷണ വിധേയമാക്കണം. ആദിവാസി വിഭാഗത്തിലെ വിദ്യാസമ്പന്നർക്ക് സർക്കാർ ജോലി നൽകാനും ഇവർക്ക് വീടുകൾ നിർമ്മിച്ചുകൊടുക്കാനും കുട്ടികളുടെ ഉന്നത പഠനത്തിനായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ കൂടുതലായി ആരംഭിക്കാനും ഹോസ്റ്റലുകൾ

സ്ഥാപിക്കാനും ആദിവാസി മേഖലകളെ മദ്യവിമുക്തമാക്കുന്നതിനും അട്ടപ്പാടി വയനാട് മേഖലയിലെ ആദിവാസികളെ മാവോയിസ്റ്റ് വേട്ടയിൽനിന്നും സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

ഡോ. എൻ. ജയരാജ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അടിസ്ഥാനവർഗ്ഗങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. അട്ടപ്പാടി അടക്കമുള്ള ആദിവാസി പ്രദേശങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിതസാഹചര്യങ്ങളിൽ അടിസ്ഥാനപരമായ മാറ്റങ്ങളുണ്ടാക്കുന്നതിനാവശ്യമായ ചർച്ചകൾ സംഘടിപ്പിക്കുന്നതിനും കോർപ്പറേറ്റ് സ്ഥാപനങ്ങളിലെ സി.ഇ.ഒ. നിയമനത്തിലും ബാങ്കിംഗ്-മാധ്യമ മേഖലകളിലും അർഹതപ്പെട്ട പ്രാതിനിധ്യം ഉറപ്പുവരുത്താനും ഇവർക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും തയ്യാറാകണം. പട്ടികജാതി ജനവിഭാഗങ്ങൾക്ക് സർക്കാർ നൽകിവരുന്ന ധനസഹായങ്ങളിൽ കാലോചിതമായ മാറ്റം വരുത്താനും വർദ്ധിപ്പിച്ച ലംപ്സംഗ്രാന്റ് വിതരണം ചെയ്യാനും കേരള കോട്ടയം ടെക്സ്റ്റൈൽസ് തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യാവസായിക രംഗത്ത് നിർണ്ണായക പങ്ക് വഹിക്കുന്ന പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി-

കയർ-ഖാദി-കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കണം. കൈത്തറി വ്യവസായത്തെക്കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനെ നിയോഗിക്കുകയും നിലവിലുള്ള ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചുകൊണ്ട് പ്രത്യേക വകുപ്പ് രൂപീകരിക്കുകയും കൈത്തറിക്ക് ഒരു അപ്പക്സ് ബോഡി രൂപീകരിക്കുകയും വേണം. കൈത്തറി വ്യവസായത്തെ ഹെറിറ്റേജ് ഇൻഡസ്ട്രിയായി ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും അതിനായി മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. ഹാൻ്റക്സിൽ നിലനിൽക്കുന്ന അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാക്കുന്നതിനും വിപണനം നടത്തുന്ന തുണികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ കൈത്തറി-ഖാദി യൂണിഫോമുകൾ കൊണ്ടുവരുന്ന നടപടിയുടെ ഭാഗമായി ഈ മേഖലയിലെ മാർക്കറ്റ് പിടിച്ചടക്കാനുള്ള അന്യസംസ്ഥാനങ്ങളുടെ നീക്കത്തെ തടയുന്നതിനും മുൻകയ്യെടുക്കണം. വ്യവസായ-വാണിജ്യ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രോഗ്രാം അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും ഇതിനായി പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. കള്ളുചെത്ത്-ബീഡി വ്യവസായ മേഖലകളെ പുന:സംഘടിപ്പിക്കണം. റെയിൽവേ പാളങ്ങളിലെ അപകടങ്ങൾ ഒഴിവാക്കുന്നതിന് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തണം. പാലക്കാട് കോച്ച് ഫാക്ടറിയുടെയും

ആലപ്പുഴ വാഗൺ ഫാക്ടറിയുടെയും പ്രവർത്തനങ്ങൾക്കുവേണ്ടി കേന്ദ്രഗവൺമെന്റിൽ നിന്നും ആനുകൂല്യങ്ങൾ നേടിയെടുക്കാൻ ശ്രമിക്കണം. കുറഞ്ഞ വിലയ്ക്ക് നെയ്ത്തുകാർക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനും കൈത്തറി മേഖലയെ പുനരുജ്ജീവിപ്പിക്കാനും നടപടി സ്വീകരിക്കണം. ആദിവാസി വിഭാഗക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്കും യാതനകൾക്കും പരിഹാരം കാണാനും അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താനും ശ്രമിക്കണം.

<u>ശ്രീ. പി. റ്റി. എ. റഹീം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വർഷങ്ങളായി വെറുതെകിടക്കുന്ന മാവൂർ ഗ്വാളിയർ റയോൺസിന്റെ ഭൂമി പ്രയോജനപ്പെടുത്തി തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കത്തക്ക വിധത്തിലുള്ള സംവിധാനം ഏർപ്പെടുത്താനും സിഡ്കോയിൽ നിലനിൽക്കുന്ന അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാക്കാനും നടപടി സ്വീകരിക്കണം. എസ്.സി/എസ്.ടി. ഡിപ്പാർട്ടുമെന്റും സിഡ്കോയുമായി ചർച്ച നടത്തി കോളനികളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സിഡ്കോയെ ഏൽപ്പിച്ചിട്ടുള്ള പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കണം. ന്യൂനപക്ഷ ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നതിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഈ രംഗത്ത് ഇനിയും നൂതന ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കണം. സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കണം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മുൻ യു.ഡി.എഫ്. സർക്കാരിനെതിരെ അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന നിലപാടുകളോട് ഒരു തരത്തിലും യോജിക്കാനാവില്ല. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി മുൻ സർക്കാർ ആവിഷ്കരിച്ച പദ്ധതികളുമായി മുന്നോട്ടുപോകുന്നതല്ലാതെ പുതുതായി ഒരു പദ്ധതിയും ആവിഷ്കരിക്കാൻ സർക്കാർ സന്നദ്ധമാകുന്നില്ല. പട്ടികജാതിക്കാരുടെ ഭവനനിർമ്മാണ വിഹിതം അഞ്ച് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും ഈ മേഖലകളിൽ നടക്കുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും ട്രൈബൽ വകുപ്പിന്റെ കീഴിൽ ഒരു എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. പട്ടികവർഗ്ഗക്കാർക്കായി അനുവദിക്കുന്ന തുക അർഹരായവർക്ക് കിട്ടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തണം. മുൻസർക്കാർ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി ആരംഭിച്ച വെബ്സൈറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനും അട്ടപ്പാടി, വയനാട് മേഖലകളിൽ പ്രവർത്തിക്കുന്ന ട്രൈബൽ ഓഫീസർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പതിനാല് ജില്ലകളിലെയും പട്ടികവർഗ്ഗക്കാരുടെ പദ്ധതികളിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകൾ അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. പുരുഷൻ കടലുണ്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നവോത്ഥാന

നായകന്മാരുടെ പേരിൽ സാംസ്കാരിക നിലയങ്ങളും സാംസ്കാരിക പഠന കേന്ദ്രവും നിലവിൽ വരാൻ പോകുന്നുവെന്നുള്ളത് അഭിനന്ദനാർഹമാണ്. കലാഗ്രാമങ്ങൾ, സാംസ്കാരിക ശില്പശാലകൾ, സ്ത്രീ പുനരുദ്ധാരണ കേന്ദ്രങ്ങൾ എന്നിവയിലൂടെ കേരളം വലിയൊരു സാംസ്കാരിക മുന്നേറ്റത്തിന് തയ്യാറെടുക്കുകയാണ്. കേരള സംഗീത നാടക അക്കാഡമി, ലളിതകലാ അക്കാഡമി, ഫോക്‌ലോർ അക്കാഡമി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, മറ്റ് സാംസ്കാരിക കേന്ദ്രങ്ങൾ എന്നിവ ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിക്കണം. സാസ്കാരിക സ്ഥാപനങ്ങളുടെ ഉന്നമനത്തിനും അച്ചടിക്കുന്ന പുസ്തകങ്ങളുടെ മാർക്കറ്റിംഗിലും ഗവൺമെന്റ് ശ്രദ്ധിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കുകയും ഈ വിഭാഗത്തിലെ ഭവനരഹിതരായവർക്ക് സ്ഥലവും വീടും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിവിധ മേഖലകളിൽ ഉദ്യോഗസ്ഥ തലപ്പത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർ ജോലി ചെയ്യുന്നുവെന്നുള്ളതും ഈ വിഭാഗങ്ങൾക്ക് ആവശ്യത്തിന് ഭൂമിയും കൃഷിയിടങ്ങളും വിദ്യാഭ്യാസവും ജോലിയും വികസനത്തിൽ പങ്കാളിത്തവും ആവശ്യാനുസരണം ഉണ്ടായിട്ടുണ്ടോ എന്നുള്ളതും പരിശോധനാവിധേയമാക്കണം. ഈ വിഭാഗക്കാർക്ക് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം

ഏർപ്പെടുത്തുകയും ഈ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളെ വിവാഹം ചെയ്യുന്ന ഉയർന്ന ജാതിയിലുള്ള പുരുഷന്മാർക്ക് ജോലി സംവരണം ഏർപ്പെടുത്തുകയും ചെയ്യണം. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ, ലാപ്ടോപ് തുടങ്ങിയവ ലഭ്യമാക്കണം. ന്യൂനപക്ഷ ക്ഷേമ വകുപ്പിന് ജില്ലാതലങ്ങളിൽ പ്രത്യേക ഓഫീസുകൾ തുറക്കുകയും അവർക്ക് കൊടുക്കുന്ന വിവിധ സ്കോളർഷിപ്പുകൾ ന്യൂനപക്ഷ ക്ഷേമ വകുപ്പിൻകീഴിൽ കൊണ്ടുവരികയും വേണം. മദ്രസ അദ്ധ്യാപകർക്കുള്ള പെൻഷൻ വർദ്ധിപ്പിക്കണം.

ശ്രീ. എ. എൻ. ഷംസീർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ യു.ഡി.എഫ്. ഭരണകാലത്ത് നഷ്ടത്തിലേയ്ക്ക് പോകുന്നതിന്റെ കാരണം കണ്ടെത്തണം. ഈ ഗവൺമെന്റ് പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനും ഖാദി മേഖലയിൽ മിനിമം വേജസ് വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചു. പബ്ലിക് സെക്ടറിനെയും പ്രൈവറ്റ് സെക്ടറിനെയും പ്രോത്സാഹിപ്പിക്കുന്ന നയമാണ് ഈ ഗവൺമെന്റിനുള്ളത്. കേരളത്തെ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ വ്യവസായങ്ങളാരംഭിച്ച് പുതുതലമുറയ്ക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ടെൽക്, കെൽ, യുണൈറ്റഡ്

ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്നിവയുടെ ഉൽപ്പന്നം എൽ.എസ്.ജി.ഡി., വൈദ്യുതി വകുപ്പ് എന്നിവ മുഖാന്തിരം വിറ്റഴിക്കാനും പി.എസ്.യു.-ന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ സെൻട്രലൈസ്ഡ് പർച്ചേസിലൂടെ വാങ്ങാനും സർക്കാർ തീരുമാനിച്ചു. എസ്.സി/എസ്.റ്റി. മേഖലയിലും പിന്നാക്ക മേഖലയിലും ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ന്യൂനപക്ഷ വിഭാഗങ്ങൾക്കാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പിന്തുണ നൽകണം. തൊഴിലാളികൾക്കിടയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. വ്യവസായ രംഗത്ത് ശക്തമായ ഇടപെടൽ നടത്തണം. ദളിത് സമൂഹത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകണം. ഈ ഗവൺമെന്റിന് എയ്ഡഡ് കോളേജുകളിൽ ദളിത് വിഭാഗത്തിന് റിസർവേഷൻ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിച്ചതുകൊണ്ടാണ് കേരളത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക്

എം.ബി.ബി.എസ്.-ന് 70 സീറ്റിൽ അഡ്മിഷൻ ലഭിച്ചത്. പ്രസ്തുത കോളേജിനെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. മൈനോറിറ്റി കോളേജുകളിലെ ഒരു സീറ്റിൽപോലും എസ്.സി. വിഭാഗത്തിന് അഡ്മിഷൻ ലഭിക്കാറില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഐ.എ.വൈ. പദ്ധതിക്ക് 80 കോടി രൂപ പട്ടികജാതി വികസന വകുപ്പ് നൽകിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഇ.എം.എസ്.-ന്റെ ഭരണകാലത്ത് ഭൂപരിഷ്കരണ നിയമം നടപ്പാക്കിയതിന്റെ ഫലമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ ശക്തമായ നിലപാട് സ്വീകരിച്ചാൽ മാത്രമേ എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഭൂപ്രശ്നത്തിനും പാർപ്പിട പ്രശ്നത്തിനും പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം പട്ടികജാതി വകുപ്പിൽ 92.88 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൽ 17.5 കോടി രൂപയും പിന്നോക്ക വികസന വകുപ്പിൽ 125 കോടി രൂപയും വിതരണം ചെയ്യുകയും അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിന് 265 കോടി രൂപയുടെയും അവർക്ക് ഭൂമി

വാങ്ങുന്നതിന് 175 കോടി രൂപയുടെയും വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായ പദ്ധതിക്ക് 50 കോടി രൂപയുടെയും പാലക്കാട് മെഡിക്കൽ കോളേജിന് 310 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ആദിവാസി സമൂഹത്തിന് ചികിത്സാ ധനസഹായമായി വകയിരുത്തിയ 60 കോടി രൂപയിൽ 30 കോടി രൂപ ഇതിനകം നൽകിയിട്ടുണ്ട്. ബി.ടെക്, എം.ടെക്, എം.സി.എ. വിദ്യാർത്ഥികൾക്കുമാത്രം നൽകിവന്ന ലാപ്ടോപ് പോളിടെക്നിക്, ബി.എസ്.സി., എം.എസ്.സി., കമ്പ്യൂട്ടർ സയൻസ്, എം.ബി.ബി.എസ്, ബി.ഡി.എസ്. തുടങ്ങിയ കോഴ്സുകളിലുള്ളവർക്കും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റൽ ഡേ ആഘോഷത്തിനുള്ള അലവൻസ് നാല് ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനും ഭവന പുനരുദ്ധാരണത്തിനുമായി 265 കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിനും തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് തുക അനുവദിക്കുന്നതിനും പട്ടികജാതിക്കാർ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ കമ്മ്യൂണിറ്റി കിച്ചൻ, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്റർ, ആദിവാസി കുഞ്ഞുങ്ങളുടെ സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആദിവാസി കുടുംബങ്ങൾക്ക്

പഞ്ഞമാസക്കാലത്ത് ഭക്ഷ്യവിതരണകിറ്റ് നൽകുന്നതിനും ഓണക്കാലത്ത് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഓണക്കിറ്റും ഓണക്കോടിയും നൽകുന്നതിനും നടപടി സ്വീകരിച്ചു. ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനും കണ്ണൂർ ജില്ലയിലെ ആലക്കോട് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനും തുക അനുവദിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട് കിഫ്ബി വഴി മോഡൽ റസിഡൻഷ്യൽ സ്കൂളുകളടക്കം നിരവധി പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പട്ടികജാതി വകുപ്പുമുഖേന 7500 വീടുകൾ പുതുതായി അനുവദിക്കുന്നതിനും വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും സങ്കേതങ്ങളുടെ സമഗ്രവികസനത്തിന് അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. നിർധന വിദ്യാർത്ഥികൾക്ക് ആയിരം പഠനമുറികൾ ഈ വർഷം നിർമ്മിക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളിൽ ഉച്ചഭക്ഷണ പരിപാടി സംഘടിപ്പിക്കുന്നതിനും പെൺകുട്ടികൾക്ക് സമഗ്ര വിദ്യാഭ്യാസ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കും. വിദേശത്ത് തൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്

സർക്കാർ/സ്വകാര്യ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനുള്ള പരിശീലന പരിപാടി ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾക്കുള്ള ഫണ്ട് ചെലവഴിക്കുന്നതിലും സംവരണ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലുമുണ്ടാകുന്ന വീഴ്ചകൾ ഒഴിവാക്കുന്നതിന് നിയമനിർമ്മാണം കൊണ്ടുവരും. പട്ടികവർഗ്ഗ വിഭാഗത്തിൽ പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനും നടപടി സ്വീകരിക്കും. പട്ടികവർഗ്ഗക്കാർക്ക് വേണ്ടി 5000 വീടുകൾ പുതുതായി നിർമ്മിക്കുന്നതിനും ഭൂവിതരണം കാര്യക്ഷമമാക്കുന്നതിനും വയനാട് ജില്ലയിൽ കമ്മ്യൂണിറ്റി കിച്ചൻ നടപ്പാക്കുന്നതിനും ഒറ്റപ്പെട്ടു താമസിക്കുന്ന ആദിവാസി കുടുംബങ്ങളുടെ ഉന്നമനത്തിന് പഞ്ചായത്തുതലത്തിൽ മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കും. അഭ്യസ്തവിദ്യരായ ആദിവാസികൾക്ക് തൊഴിൽ ഉറപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി ഗോത്രബന്ധു പദ്ധതിയിലുൾപ്പെടുത്തി വയനാട് ജില്ലയിലെ ടി.ടി.സി./ബി.എഡ്/ഡിഗ്രി യോഗ്യതകളുള്ള 244 പേർക്ക് താൽക്കാലിക ജോലി നൽകുന്നതിന് നടപടി സ്വീകരിക്കും.

എയ്ഡഡ് മേഖലയിൽ സംവരണം ഉറപ്പാക്കുന്നതിനും വയനാട് ജില്ലയിലെ ഭൂമി വിവാദം അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അടിസ്ഥാന സൗകര്യവികസനത്തിലൂന്നിയുള്ള സമഗ്ര വ്യവസായ വികസനമാണ് ലക്ഷ്യം വയ്ക്കുന്നത്. അടിസ്ഥാനസൗകര്യങ്ങളുടെ അഭാവത്തിൽ വ്യവസായ വികസനം ദുഷ്കരമാണെന്ന തിരിച്ചറിവോടെയുള്ള സമീപനമാണ് സ്വീകരിക്കുന്നത്. അതിന്റെ ഭാഗമായാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡ് (കിഫ്ബി) രൂപീകരിച്ചുകൊണ്ട് വലിയ വികസന പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചത്. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കും. മഹാത്മാ ഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീമിലൂടെ ഒരു വർഷം ആയിരം കോടി രൂപയുടെ തൊഴിൽ നൽകാനാണ് ലക്ഷ്യമിടുന്നത്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് കൊച്ചി മുതൽ പാലക്കാടുവരെയുള്ള റോഡുകളുടെയും റെയിൽപ്പാതകളുടെയും വശങ്ങളിൽ ഇരുപതോളം വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. എൽ.എൻ.ജി. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന നടപടിയും സംസ്ഥാന റോഡുവികസനവും അതിവേഗത്തിൽ

പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. മലബാർ സിമന്റ്സ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, കെ.എം.എം.എൽ, ട്രാവൻകൂർ ടൈറ്റാനിയം ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. ഏകജാലക സുതാര്യ സംവിധാനം നടപ്പിലാക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളെ ശക്തിപ്പെടുത്തുന്നതിനും ശ്രമങ്ങൾ നടത്തുന്നതാണ്. ഗവൺമെന്റിന്റെ പുതിയ വ്യവസായ നയത്തിന്റെ കരട് രേഖ തയ്യാറാക്കിവരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെങ്കിൽ വർദ്ധിപ്പിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് തസ്തിക ഉൾപ്പെടെയുള്ള ഉന്നതതല നിയമനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന്റെ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എഫ്.എ.സി.റ്റി.-യിൽ നിന്നും വാങ്ങുന്ന ആറായിരം ഏക്കർ ഭൂമിയിൽ പെട്രോ കെമിക്കൽ പാർക്കും തോന്നയ്ക്കലിൽ 121 കോടി രൂപ ചെലവുവരുന്ന ലൈഫ് സയൻസ് പാർക്കും ചേർത്തല പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി. ഫുഡ് പാർക്കും ഒറ്റപ്പാലത്ത് കിൻഫ്ര ഡിഫൻസ് പാർക്കും കാക്കനാട്ട് ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്ററും സ്ഥാപിക്കുന്നതാണ്. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി

കണ്ണൂരിൽ 500 ഏക്കറും തൊടുപുഴയിൽ 900 ഏക്കറും ഭൂമി ഏറ്റെടുക്കുന്നതാണ്. വ്യവസായ-വാണിജ്യ വകുപ്പിനുകീഴിൽ എൺപതിനായിരംപേർക്ക് തൊഴിൽ നൽകുന്നതിന് 15000 വ്യവസായ യൂണിറ്റുകൾ ഈ വർഷം ആരംഭിക്കുന്നതാണ്. ആർട്ടിസാൻസിന് 'ആശ' പദ്ധതി നടപ്പിലാക്കുന്നതാണ്. വാണിജ്യ-വ്യവസായ യൂണിറ്റുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും ലൈസൻസ് ലഭ്യമാക്കുന്നതിനും മറ്റുമായി സമർപ്പിക്കുന്ന അപേക്ഷകളുടെ എണ്ണം ഒന്നായി പരിമിതപ്പെടുത്തുന്നതിനും ആയതിന് ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും. വ്യാവസായികാവശ്യങ്ങൾക്ക് സുതാര്യമായി ഭൂമി ലഭ്യമാക്കുന്നതിന് ലാന്റ് മാനേജ്മെന്റ് സിസ്റ്റം ആവിഷ്കരിക്കും. സംസ്ഥാനത്തെ ജനസാന്ദ്രതയും ഭൂമിയുടെ ദൗർലഭ്യവും കണക്കിലെടുത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബഹുനില കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കും. കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കിവരുന്ന ക്ലസ്റ്റർ പദ്ധതി പുതിയ ഏഴ് മേഖലകളിൽക്കൂടി വ്യാപിപ്പിക്കുന്നതാണ്. പുതിയ വ്യവസായ സംരംഭകർക്ക് സ്റ്റാർട്ടപ് സപ്പോർട്ടും ഇൻവെസ്റ്റുമെന്റ് സപ്പോർട്ടും ടെക്നോളജി സപ്പോർട്ടും നൽകുന്നതിനുപുറമെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കും. കരകൗശല മേഖലയിൽ പുതിയ സാങ്കേതികവിദ്യയിലൂടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കുന്നതിന് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു.

കൈത്തറി ഉത്പന്നങ്ങളുടെ ഡൈയിംഗ്, ഫിനിഷിംഗ് തുടങ്ങിയവയ്ക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുകയാണ്. കേരള ഹാൻഡ്‌ലൂമിന് കൂടുതൽ പ്രചരണം നടത്തുന്നതിനും സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും. നടപടിക്രമങ്ങൾ ലഘൂകരിച്ച് വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി Ease of doing business സംരംഭങ്ങൾ നടപ്പിലാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യെ നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്. ഭാഗിക യന്ത്രവത്കരണത്തിലൂടെ ഖാദി തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കുന്നതിനും വിപണിയിലെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ വില വർദ്ധിപ്പിച്ച് തൊഴിലാളികൾക്ക് കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിനും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഡയറക്ട് ഫണ്ട് ട്രാൻസ്ഫർ പദ്ധതി മുഖേന ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. അനധികൃത ഖനനം അവസാനിപ്പിക്കുന്നതിനും വരുമാനചോർച്ച തടയുന്നതിനുമായി ധാതുമണൽ ഉൾപ്പെടെയുള്ള ധാതുക്കളുടെ ഖനനം പൊതുമേഖലയിൽ നിക്ഷിപ്തമാക്കുന്നതിനായി നിയമങ്ങളും ചട്ടങ്ങളും രൂപീകരിക്കുന്നതിനും പെർമിറ്റുകളും ലൈസൻസുകളും സുതാര്യമാക്കുന്നതിനായി കേരളാ ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡ് സർവ്വീസ് എന്ന പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

ബഡ്ജറ്റ് പ്രൊവിഷൻ ഫലപ്രദമായി വിനിയോഗിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ നവീകരിക്കുന്നതാണ്. മലബാർ സിമന്റ്സിന്റെ ഉല്പാദനം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി.സി.സി.-ക്ക് വൈദ്യുതി ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഹൈലെവൽ കമ്മിറ്റി പരിശോധിച്ചുവരികയാണ്. 2018-ഓടുകൂടി രണ്ട് ബില്യൺ ഡോളറിന്റെ (12000 കോടി രൂപ) ഐ.ടി. കയറ്റുമതി നടത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തിരുവനന്തപുരം ടെക്നോസിറ്റിയിലും കൊച്ചി ഇൻഫോപാർക്കിലും മലബാർ മേഖലയിലുമായി ഒരു കോടി ചതുരശ്ര അടി ഐ.ടി. സ്പേസ് പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ദരിദ്ര-ചെറുകിട-ഇടത്തരം കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനായി കുറഞ്ഞ വിലയ്ക്ക് സിമന്റ് ലഭ്യമാക്കുന്നതിനാവശ്യമായ സംവിധാനമേർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. പഞ്ചായത്ത് തലത്തിൽ അടഞ്ഞുകിടക്കുന്ന വ്യവസായ പാർക്കുകളും വ്യവസായ എസ്റ്റേറ്റുകളും തുറന്ന് പ്രവർത്തിപ്പിക്കുകയും ഉപയോഗശൂന്യമായവയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പെരുമ്പാവൂർ ഗ്വാളിയർ റയോൺസിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനും കെൽട്രോണിനെ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ടെക്സ്റ്റൈൽ

മില്ലുകളെ സംരക്ഷിക്കുന്നതാണ്. ഭൗതിക സാഹചര്യമുള്ള പ്രദേശങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിന് സർക്കാർ പിന്തുണ നൽകുന്നതാണ്. കാസർഗോഡുള്ള BHEL-നെ പുനരുജ്ജീവിപ്പിക്കുന്നതിന് ശ്രമിക്കുന്നതാണ്. സ്മാർട്ട് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് സ്മാർട്ട്സിറ്റി അധികൃതർ ഉറപ്പ് നൽകിയിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): നിരവധി ക്ഷേമ പദ്ധതികൾ ന്യൂനപക്ഷക്ഷേമ വകുപ്പിൻകീഴിൽ നടപ്പിലാക്കി വരുന്നുണ്ട്. വിധവാ ഭവന പദ്ധതിക്ക് ഈ വർഷം 31 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. 2.50 ലക്ഷം രൂപ വീതം 1240 പേർക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതി 'ഇമ്പിച്ചി ബാവ ഭവന പദ്ധതി' എന്ന പേരിൽ അറിയപ്പെടും. പഠനത്തിൽ മികവുപുലർത്തുന്ന ന്യൂനപക്ഷ വിഭാഗത്തിലെ കുട്ടികൾക്ക് ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് എന്ന പേരിൽ ഈ വർഷം മുതൽ മെറിറ്റ് സ്കോളർഷിപ്പ് ഏർപ്പെടുത്തും. മദ്രസാ അദ്ധ്യാപകർക്കായി ഏർപ്പെടുത്തിയ പലിശരഹിത ഭവനവായ്പ (2 ലക്ഷം രൂപ) നൂറ് പേർക്ക് നൽകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മലപ്പുറം ജില്ലയിൽ മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ആന്റ്

നാഷണൽ ഇന്റഗ്രേഷൻ എന്ന ഗവേഷണ സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര സർക്കാർ സഹായത്തോടെ കൊല്ലം, കോട്ടയം, കണ്ണൂർ, വയനാട് ജില്ലകളിൽ മൈനോറിറ്റി സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകളും വഖഫ് സ്വത്ത് പ്രയോജനപ്പെടുത്തി ജില്ലകളിൽ സദ്ഭാവനാ മണ്ഡപങ്ങളും അടുത്ത അദ്ധ്യയന വർഷം മുതൽ നിലവിലുള്ള മൈനോറിറ്റി കോച്ചിംഗ് സെന്ററുകളിൽ നെറ്റ്, സെറ്റ്, ജെ.ആർ.എഫ് കോച്ചിംഗുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മൾട്ടി സെക്ടർ ഡെവലപ്പ്മെന്റ് പ്രോഗ്രാം നിലവിലുള്ള വയനാട് ജില്ലയിലും പൊന്നാനി ടൗണിലും കൂടാതെ മറ്റ് ജില്ലകളിലെ ന്യൂനപക്ഷ സാന്ദ്രീകൃത പ്രദേശങ്ങളും ഈ പദ്ധതിക്കുകീഴിൽ ഉൾപ്പെടുത്തണമെന്ന് ന്യൂനപക്ഷ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെടാതിരിക്കുന്നതിന് സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## VIII അറിയിപ്പ്

<u>തീയതി ദീർഘിപ്പിച്ചത് സംബന്ധിച്ച്</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് മുൻഗണനാപ്പട്ടികയിന്മേലുള്ള പരാതികൾ സ്വീകരിക്കുന്ന സമയം നവംബർ മാസം

05-ാം തീയതിവരെ ദീർഘിപ്പിച്ച കാര്യം അറിയിക്കുന്നു.

**ധനകാര്യം (തുടർച്ച)**

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 37 -നെതിരെ 77 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

<u>ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ</u>

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർഥനയേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയേയും നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർഥനയേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർഥനയേയും സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റുകൾ ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തു വച്ചു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## IX അറിയിപ്പ്

### LAIS പരിശീലനം

മി. സ്പീക്കർ: ചോദ്യോത്തരങ്ങൾ ഓൺലൈനായി നൽകുന്നതിനായി സഭാ സമ്മേളനത്തിനുശേഷം സംഘടിപ്പിച്ചിട്ടുള്ള പരിശീലന പരിപാടിയിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭ വൈകുന്നേരം 4.09-ന് പിരിഞ്ഞു.

****